# WEB HOSTING

നമ്മുടെ വെബ് സൈറ്റിന്റെ ഫയലുകൾ  വെബ് സെർവറിൽ സൂക്ഷിക്കുന്നതിന് കമ്പ്യൂട്ടറിന്റെ മെമ്മറി സ്പേസ് വാങ്ങുകയോ വാടകയ്ക്ക് എടുക്കുകയോ ചെയ്യണം. മെമ്മരി സ്പേസിൽ ഫയലുകൾ സൂക്ഷിച്ച് വെയ്ക്കുന്നതിനെ WEB HOSTING എന്നു പറയുന്നു. ഈ സേവനങ്ങൾ ലഭ്യമാക്കുന്ന കമ്പനികളെ web host എന്നു പറയുന്നു.

*Publishing a website requires the following steps*

*1. Choose the type of web hosting we needed*

*2. Buying the host space*

*3. Domain name Registration*

*4. Uploading the files through FTP Client software*

## 1. Types of Web Hosting

ഫയൽ ശേഖരിച്ചുവെയ്ക്കുന്നതിനാവശ്യമായ സ്റ്റോറേജ് സ്പേസ് , നമ്മുടെ വെബ് സൈറ്റ് സന്ദർശിക്കുമെന്ന് നമ്മൾ പ്രതീക്ഷിക്കുന്ന സന്ദർശകരുടെ എണ്ണം എന്നീ ആവശ്യങ്ങൾക്കനുസരിച്ച്  WEB HOSTING സേവനങ്ങൾ തെരഞ്ഞെടുക്കാം. *1. Shared Hosting*

*2. Dedicated Hosting*

*3. Virtual Private Server*

Shared Hosting - CPU , Disc Space, മെമ്മറി, അനുബന്ധ ഉപകരണങ്ങൾ എന്നിവ പങ്കുവെയ്ക്കുന്നു. ചെറിയ വെബ് സൈറ്റും , വളരെ കുറച്ച് സന്ദർശകരുമുള്ള സൈറ്റുകൾക്ക് Shared Hosting അനുയോജ്യമാണ്.

Dedicated Hosting - ഒരു വെബ് സെർവറും അതിന്റെ കൂടെ ബന്ധിപ്പിച്ചിട്ടുള്ള അനുബന്ധ ഉപകരണങ്ങളും ഒരു വെബ്സൈറ്റിനുവേണ്ടി മാത്രം ഉപയോഗിക്കുന്നു. കൂടുതൽ സ്റ്റോറേജ് സ്പേസ് , band width , എന്നിവ ആവശ്യമുള്ളതും കൂടുതൽ സന്ദർശകർ ഉള്ളതുമായ വെബ്സൈറ്റുകൾക്ക് Dedicated Hosting അനുയോജ്യമാണ്.

Virtual Private Server (VPS) - Shared ഹോസ്റ്റിങ്ങിനേക്കാൾ കൂടുതൽ സൗകര്യങ്ങളും dedicated ഹോസ്റ്റിങ്ങിനേക്കാൾ കുറവ് സൗകര്യങ്ങളും ആവശ്യമുള്ള ഇടത്തരക്കാർക്ക് വേണ്ടിയുള്ളതാണ്. (Each VPS has its own operating system, RAM, and other softwares installed. )

## 2. Buying Hosting Space

നമ്മുടെ സൈറ്റിന്റെ ഫയലുകൾ ഏതെങ്കിലും ഒരു വെബ് സെർവറിൽ സ്റ്റോർ ചെയ്യണമെങ്കിൽ താഴെയുള്ള ഘടകങ്ങൾ പരിഗണിക്കണം.

1. നമ്മുടെ സൈറ്റിന്റെ ഫയലുകൾ സൂക്ഷിച്ച് വെയ്ക്കുവാൻ വെബ് സെർവറിന്റെ മെമ്മറിയിൽ ആവശ്യമുള്ളത്ര സ്ഥലം വാങ്ങണം

2. നമ്മുടെ വെബ് പേജിൽ പ്രോഗ്രാമിന്റെ ഭാഗങ്ങൾ ഉണ്ടെങ്കിൽ അവ ഉൾക്കൊള്ളാൻ ആവശ്യമുള്ള സാങ്കേതികവിദ്യകളുള്ള വെബ് സെർവർ മെമ്മറി വേണം വാങ്ങുവാൻ

3. വിന്റോസ് ഹോസ്റ്റിങ്ങ് അല്ലെങ്കിൽ ലിനക്സ് ഹോസ്റ്റിങ്ങ് എന്നിവയിൽ ഏതെങ്കിലും തെരഞ്ഞെടുക്കാം.

## 3. Domain Name Registration

ഇന്റർനെറ്റിൽ സൈറ്റ് തിരിച്ചറിയുന്നതിന് Domain Name Registration ആണ് ഉപയോഗിക്കുന്നത്. സൈറ്റിന് ഉചിതമായ ഒരു പേര് കൊടുത്ത് ഇന്റർനെറ്റിൽ രജിസ്റ്റർ ചെയ്യണം. www.wbois.net എന്ന വെബ് സൈറ്റ് ഉപയോഗിച്ച് നമ്മൾ സൈറ്റിന് കൊടുക്കാനുദ്ദേശിക്കുന്ന പേര് മുമ്പ് വേറെ ആരും രജിസ്റ്റർ ചെയ്യാത്തതാണെന്ന് ഉറപ്പു വരുത്തണം. അതിനുശേഷം പേര്, അഡ്രസ്, ഫോൺ നമ്പർ , ഇ മെയിൽ വിലാസം എന്നിവ നൽകി ഓൺലൈനായി വാർഷിക ഫീസടച്ച് രജിസ്റ്റർ ചെയ്യാം. വെബ് സെർവറിന്റെ I P Address ( നമ്പർ കൊണ്ടുള്ള അഡ്രസ് ) ഉം Domain Name (അക്ഷരങ്ങൾ കൊണ്ടുള്ള അഡ്രസ് ) ഉം സൂക്ഷിച്ച് വെയ്ക്കുന്നതിന് "A record" (Address record) എന്നു പറയുന്നു.

## 4. FTP (File Transfer Protocol) client software

ഒരു വ്യക്തിയുടെ കമ്പ്യൂട്ടറിനെ വെബ് സെർവറുമായി ബന്ധപ്പെടുത്തി വെബ് പേജ് ലഭ്യമാക്കുന്നതിന് FTP client software ഉപയോഗിക്കുന്നു. ഒരാളുടെ വെബ് സൈറ്റിന്റെ ഫയലുകൾ സൂക്ഷിച്ചു വെച്ചിട്ടുള്ള വെബ് സെർവറിലെ മെമ്മറി അനുവാദമില്ലാതെ ദുരുപയോഗം ചെയ്യുന്നതു തടയാൻ user name ഉം password ഉം ഉപയോഗിച്ച് സംരക്ഷിക്കാൻ SFTP (Secure File Transfer Protocol) ഉപയോഗിക്കുന്നു. FTP client software ഉപയോഗിച്ച് നമ്മുടെ വെബ് സൈറ്റിന്റെ പുതിയ ഫയലുകൾ നമ്മുടെ കമ്പ്യൂട്ടറിൽ നിന്നും വെബ് സെർവറിലേക്ക് 'drag and drop' method ഉപയോഗിച്ചു മാറ്റാവുന്നതാണ്. FireZilla, Cute FTP, Smart FTP എന്നിവയാണ് പ്രസിദ്ധമായ FTP client software കൾ

## Free Hosting

വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ പൈസ മുടക്കാതെ ലഭ്യമാക്കുന്ന സേവനമാണിത്. പരസ്യത്തിൽ നിന്നും ലഭിക്കുന്ന വരുമാനം കൊണ്ടാണ് ഇത്തരം സേവനങ്ങൾ കൊടുക്കുന്നത്. ചില കമ്പനികൾ പരിമിതമായ മെമ്മറി കപ്പാസിറ്റിയാണ് കൊടുക്കുന്നത്. ഓഡിയോ , വീഡിയോ ഫയലുകൾ അനുവദിക്കില്ല.

രണ്ടു തരത്തിലുള്ള Free Hosting സർവീസുകൾ ഉണ്ട്.

1. Directory Service :- കമ്പനി അഡ്രസ് / നമ്മുടെ അഡ്രസ് Eg. Www.google.com / My school
2. Sub Domain :- നമ്മുടോ അഡ്രസ് . കമ്പനി അഡ്രസ് Eg. My school.www.google.com

## Content Management System (CMS)

പുതിയ വെബ് സൈറ്റ് നിർമ്മിക്കാനും, ഫയലിൽ മാറ്റം വരുത്താനും, ആവശ്യമില്ലാത്തവ നീക്കം ചെയ്യാനും , വെബ് സൈറ്റ് ഇന്റർനെറ്റിൽ പ്രസിദ്ധപ്പെടുത്താനും സഹായിക്കുന്ന പ്രോഗ്രാമുകളാണ് CMS. ഇന്റർനെറ്റിൽ നിന്നും free ആയി CMS download ചെയ്യാം. ഇതിലെ template ഉപയോഗിച്ച് മനോഹരങ്ങളായ വെബ് സൈറ്റ് നിർമ്മിക്കാം. Eg. Word press, Joomla, Drupal

## Responsive Web Design

Mobile Phone, Tablet, Laptop, Desktop എന്നീ ഉപകരണങ്ങളുടെ സ്ക്രീനിന്റെ വലുപ്പത്തിനനുസരിച്ച് വെബ് പേജ് display ചെയ്യുന്ന തരത്തിലുള്ള സംവിധാനത്തെ Responsive Web Design എന്നു പറയുന്നു. ഈ സംവിധാനം introduce ചെയ്തത് Ethan Marcotte ആണ്. ഇതു നടപ്പിലാക്കുവാൻ Flexible Grid Layout കൾ ഉപയോഗിക്കുന്നു.

Flexible Grid Layout – വെബ് സൈറ്റുകൾ കാണാൻ ഉപയോഗിക്കുന്ന ഉപകരണത്തിന്റെ വലുപ്പത്തിനനുസരിച്ച് സ്വയം വെബ് പേജിന്റെ വലുപ്പം ക്രമീകരിക്കാൻ സഹായിക്കുന്നു.

Flexible Image and Video - വെബ് സൈറ്റുകൾ കാണാൻ ഉപയോഗിക്കുന്ന ഉപകരണത്തിന്റെ വലുപ്പത്തിനനുസരിച്ച് സ്വയം പടത്തിന്റെയും വീഡിയോയുടെയും വലുപ്പം ക്രമീകരിക്കാൻ സഹായിക്കുന്നു.

Media Queries - ഉപയോഗിക്കുന്ന ഉപകരണത്തിന്റെ വലുപ്പത്തിനനുസരിച്ച് വ്യത്യസ്ത വെബ് സൈറ്റുകൾ തെരഞ്ഞെടുക്കാനുള്ള option ലഭ്യമാക്കുന്നു.